**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5815** **02.07.2019-ൽ മറുപടിക്ക്**

**ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.സി. ദിവാകരൻ : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് എത്ര ഇതര സംസ്ഥാന തൊഴിലാളികൾ വിവിധ മേഖലകളിലായി പണിയെടുക്കുന്നു എന്ന് വ്യക്തമാക്കുമോ; ഇവരുടെ വിശദവിവരം ഉൾപ്പെടെയുള്ള കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് എത്ര ഇതര സംസ്ഥാന തൊഴിലാളികൾ വിവിധ മേഖലകളിലായി പണിയെടുക്കുന്നു എന്ന് കൃത്യമായി കണക്കെടുത്തിട്ടില്ല. തൊഴിൽ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള "ആവാസ്" പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് 3,87,352 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 55,509 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. |
| (ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന തൊഴിലാളികളുടെ വിവരം ശേഖരിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡ് വിതരണവും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് "ആവാസ്" എന്ന ഇൻഷുറൻസ് പദ്ധതിയ്ക്ക് രൂപം നൽകി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ